# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3459** **24/06/2013 -ൽ** മറുപടിക്ക്

**ബി. നിയാസിനെ പോലീസുകാർ മർദ്ദിച്ച സംഭവം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) 2012 ജൂൺ 18-ന് തിരുവനന്തപുരത്ത് നടന്ന എസ്.എഫ്.ഐ മാർച്ചിനിടെ എസ്. എഫ്.ഐ തിരുവനന്തപുരം ജില്ലാ സെക്രട്ടേറിയറ്റംഗം ബി. നിയാസിനെ പോലീസുകാർ വളഞ്ഞിട്ട് ഭീകരമായി മർദ്ദിച്ച സംഭവത്തിൽ അന്വേഷണത്തിന് ലോകായുക്ത ഉത്തരവിട്ടിട്ടുണ്ടോ ;<br><br>ബി) ഉത്തരവിന്മേൽ അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; അന്വേഷണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ ? | എ) & ബി) 2012 ജൂൺ 18 ന് തിരുവനന്തപുരം പാളയം എം.ജി.റോഡിൽ യൂണിവേഴ്സിറ്റി കോളേജിനു മുൻപിൽ സർക്കാർ നയങ്ങൾക്കെതിരെ സമരം ചെയ്ത ഏഴ് കുട്ടികൾക്കെതിരെയുള്ള പോലീസ് നടപടിയിൽ അതിക്രമം ആരോപിച്ച് പി. ശങ്കരൻ കുട്ടി നായർ അഥവാ വഞ്ചിയൂർ പി. ബാബു എന്ന വ്യക്തി ലോകായുക്ത മുമ്പാകെ, ആഭ്യന്തര സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം പോലീസ് കമ്മീഷണർ തുടങ്ങി 7 പേരെ എതിർകക്ഷികളാക്കി ഒരു പരാതി നൽകിയിട്ടുണ്ട്. (പരാതി നമ്പർ. 2232/12 ബി). പ്രസ്തുത പരാതിയിൽ കുട്ടികളുടെ പേര് വിവരം പരാമർശിക്കപ്പെട്ടിട്ടില്ല. എന്നാൽ ടി പരാതിയിൽ മൂന്നാം എതിർകക്ഷിക്ക് വേണ്ടി ഗവ: പ്ലീഡർ ഫയൽ ചെയ്തിട്ടുള്ള പത്രികയിൽ എസ്. എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് ആയ ശ്രീ. എ.എ. റഹിം, എസ്.എഫ്.ഐ ജില്ലാ കമ്മറ്റി പ്രസിഡന്റ് ആയ ശ്രീ. ബാലമുരളി എന്നിവരുടെ നേതൃത്വത്തിൽ 18.06.2012 ൽ മാർച്ച് നടന്നിരുന്നതായി പറയുന്നു. ടി പത്രികയിലും ശ്രീ. ബി. നിയാസിന്റെ പേര് പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. ടി പരാതിയിൽ പ്രാഥമികാന്വേഷണം നടത്തി പരാതി ഫയലിൽ സ്വീകരിക്കുകയും വിശദമായ അന്വേഷണത്തിന് എതിർകക്ഷികൾക്ക് നോട്ടീസ് അയക്കുകയും ചെയ്തു. ഇതിൽ 3-ാം എതിർകക്ഷി പത്രിക സമർപ്പിക്കുകയും മറ്റ് എതിർകക്ഷികളുടെ പത്രികയ്ക്കായി 01.07.2013-ലേയ്ക്ക് കേസ് മാറ്റി വച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ